**മധുരമായ കുട്ടികളേ – നിങ്ങൾക്ക് നിങ്ങളുടെ യോഗബലത്തിലൂടെ മുഴുവൻ സൃഷ്ടിയേയും പാവനമാക്കി മാറ്റണം, നിങ്ങൾക്ക് യോഗബലത്തിലൂടെ മാത്രമേ മായയുടെ മേൽ വിജയം നേടി ജഗദ്ജീത്താവാൻ സാധിക്കൂ.**

**ചോദ്യം :–** ബാബയുടെ പാർട്ട് എന്താണ്, ആ പാർട്ടിനെ നിങ്ങൾ കുട്ടികൾ എന്തിന്റെ ആധാരത്തിലാണ് മനസ്സിലാക്കിയത്?
**ഉത്തരം :–** ബാബയുടെ പാർട്ടാണ്– എല്ലാവരുടേയും ദുഃഖത്തെ ഇല്ലാതാക്കി സുഖം നൽകുക, രാവണന്റെ ചങ്ങലകളിൽ നിന്നും രക്ഷിക്കുക. എപ്പോഴാണോ ബാബ വരുന്നത് അപ്പോൾ ഭക്തിയുടെ രാത്രി പൂർത്തിയാകും. ബാബ നിങ്ങൾക്ക് തന്റേയും തന്റെ സമ്പത്തിന്റേയും പരിചയം നൽകുന്നു. നിങ്ങൾ ഒരു ബാബയെ അറിയുന്നതിലൂടെ എല്ലാം അറിയുന്നു.

**ഗീതം :–** അങ്ങുതന്നെയാണ് മാതാവും പിതാവും അങ്ങുതന്നെ...

**ഓം ശാന്തി**. കുട്ടികൾ ഓം ശാന്തിയുടെ അർത്ഥം മനസ്സിലാക്കിയിട്ടുണ്ട്, ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് നമ്മൾ ആത്മാക്കളാണ്, ഈ സൃഷ്ടിയാകുന്ന ഡ്രാമയിൽ നമ്മുടേത് മുഖ്യമായ പാർട്ടാണ്. ആരുടെ പാർട്ടാണ്? ആത്മാവ് ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നു. അതിനാൽ കുട്ടികളെ ഇപ്പോൾ ആത്മാഭിമാനികളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇത്രയും സമയം ദേഹാഭിമാനത്തിലായിരുന്നു. ഇപ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ഡ്രാമാപ്ലാൻ അനുസരിച്ച് നമ്മുടെ ബാബ വന്നുകഴിഞ്ഞു. ബാബ വരുന്നതും രാത്രിയിലാണ്. എപ്പോഴാണ് വരുന്നത് എന്നതിന്റെ നാളോ തിയതിയോ ഒന്നുമില്ല. ആരാണോ ലൗകിക ജന്മം എടുക്കുന്നത് അവർക്കാണ് നാളും തിയതിയുമെല്ലാം ഉണ്ടാവുക. എന്നാൽ ഇത് പാരലൗകിക പിതാവാണ്. ബാബയ്ക്ക് ലൗകിക ജന്മമില്ല. കൃഷ്ണന് നാള്, തിയതി, സമയം എല്ലാം നൽകുന്നുണ്ട്. ബാബയുടേതാണെങ്കിൽ ദിവ്യ ജന്മം എന്നാണ് പറയുക. ബാബ ഇദ്ദേഹത്തിൽ പ്രവേശിച്ച് പറയുന്നു ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. ഇതിൽ അരകല്പം രാത്രിയാണ്. എപ്പോഴാണോ രാത്രി അഥവാ ഘോരാന്ധകാരം ഉണ്ടാകുന്നത് അപ്പോഴാണ് ഞാൻ വരുന്നത്. നാളും തിയതിയും ഒന്നുമില്ല. ഈ സമയത്ത് ഭക്തിയും തമോപ്രധാനമാണ്. അരകല്പം പരിധിയില്ലാത്ത പകലാണ്. ബാബ സ്വയം പറയുന്നു ഞാൻ ഇദ്ദേഹത്തിൽ പ്രവേശിച്ചിരിക്കുകയാണ്. ഗീതയിലും ഭഗവാനുവാചാ എന്നുണ്ട് എന്നാൽ ഒരു മനുഷ്യന് ഭഗവാനാകാൻ സാധിക്കില്ല. കൃഷ്ണൻ ദൈവീക ഗുണധാരിയാണ്. ഇത് മനുഷ്യലോകമാണ്. ഇത് ദേവലോകമല്ല. ബ്രഹ്മദേവതായേ നമ:.. എന്നു പാടുന്നുണ്ട് അത് സൂക്ഷ്മവതനവാസിയാണ്. കുട്ടികൾക്ക് അറിയാം അവിടെ അസ്ഥിയും മാംസവും ഉണ്ടാകില്ല. അത് സൂക്ഷ്മത്തിലുള്ള വെളുത്ത നിഴലാണ്. എപ്പോഴാണോ മൂലവതനത്തിൽ ഇരിക്കുന്നത് അപ്പോൾ ആത്മാവിന് സൂക്ഷ്മ ശരീരവും ഉണ്ടാവില്ല, അസ്ഥിയുള്ള ശരീരവും ഉണ്ടാവില്ല. ഈ കാര്യങ്ങൾ ഒരു മനുഷ്യനും അറിയില്ല. ബാബ തന്നെയാണ് വന്ന് കേൾപ്പിക്കുന്നത്, ബ്രാഹ്മണർ തന്നെയാണ് കേൾക്കുന്നത്, മറ്റാരും കേൾക്കില്ല. ബ്രാഹ്മണ വർണ്ണം ഭാരതത്തിലാണ് ഉണ്ടാകുന്നത്, പരമപിതാ പരമാത്മാവ് പ്രജാപിതാ ബ്രഹ്മാവിലൂടെ ബ്രാഹ്മണ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുമ്പോഴാണ് അത് ഉണ്ടാകുന്നത്. ഇദ്ദേഹത്തെ ഇപ്പോൾ രചയിതാവെന്ന് പറയില്ല. പുതിയ രചന ഒന്നും തന്നെ രചിക്കുന്നില്ല. കേവലം പുനരുദ്ധരിക്കുന്നു. വിളിക്കുന്നുമുണ്ട്– അല്ലയോ ബാബാ, പതിത ലോകത്തിൽ വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ. ഇപ്പോൾ നിങ്ങളെ പാവനമാക്കി മാറ്റുകയാണ്. നിങ്ങൾ പിന്നീട് യോഗബലത്തിലൂടെ ഈ സൃഷ്ടിയെ പാവനമാക്കി മാറ്റുന്നു. മായയുടെമേൽ വിജയം നേടി നിങ്ങൾ ജഗദ്ജീത്തായി മാറുന്നു. യോഗബലത്തെ ശാസ്ത്രത്തിന്റെ ബലം എന്നും പറയാറുണ്ട്. ഋഷി മുനിമാർ എല്ലാവരും ശാന്തി ആഗ്രഹിക്കുന്നുണ്ട് എന്നാൽ ശാന്തിയുടെ അർത്ഥം തന്നെ അറിയുന്നില്ല. ഇവിടെ തീർച്ചയായും പാർട്ട് അഭിനയിക്കണമല്ലോ. ശാന്തിധാമമാണ് മധുരമായ ശാന്തിയുടെ വീട്. നിങ്ങൾ ആത്മാക്കൾക്ക് അറിയാം നമ്മുടെ വീട് ശാന്തിധാമമാണ്. ഇവിടെ നമ്മൾ പാർട്ട് അഭിനയിക്കാൻ വന്നതാണ്. ബാബയേയും വിളിക്കുന്നുണ്ട്– അല്ലയോ പതിതപാവനാ, ദുഃഖഹർത്താ സുഖ കർത്താവേ വരൂ, ഞങ്ങളെ രാവണന്റെ ഈ ചങ്ങലകളിൽ നിന്നും രക്ഷിക്കൂ. ഭക്തി രാത്രിയാണ്, ജ്ഞാനമാണ് പകൽ. രാത്രി തോറ്റുപോകുന്നു പിന്നീട് ജ്ഞാനത്തിന്റെ വിജയം ഉണ്ടാകുന്നു. ഇത് സുഖ ദുഃഖത്തിന്റെ കളിയാണ്. നിങ്ങൾക്ക് അറിയാം ആദ്യം നമ്മൾ സ്വർഗ്ഗത്തിലായിരുന്നു പിന്നീട് താഴെ ഇറങ്ങി ഇറങ്ങി നരകത്തിൽ വന്നു വീണു. കലിയുഗം എപ്പോൾ അവസാനിക്കും പിന്നീട് സത്യയുഗം എപ്പോൾ വരും, ഇത് ആർക്കും അറിയില്ല. നിങ്ങൾ ബാബയെ തിരിച്ചറിയുന്നു ബാബയെ അറിയുന്നതിലൂടെ നിങ്ങൾ എല്ലാം അറിയുന്നു. മനുഷ്യർ ഭഗവാനെ അന്വേഷിച്ച് എത്ര ബുദ്ധിമുട്ടുന്നു. ബാബയെ അറിയുന്നില്ല.

ബാബ വന്ന് തന്റേയും സമ്പത്തിന്റേയും പരിചയം നൽകുമ്പോൾ മാത്രമേ അറിയുകയുള്ളു. സമ്പത്ത് അച്ഛനിൽ നിന്നുതന്നെയാണ് ലഭിക്കുന്നത്, അമ്മയിൽ നിന്നല്ല. ഇദ്ദേഹത്തെ മാതാവെന്നും വിളിക്കാറുണ്ട് എന്നാൽ ഇദ്ദേഹത്തിൽ നിന്നും സമ്പത്ത് ലഭിക്കുകയില്ല, ഇദ്ദേഹത്തെ ഓർമ്മിക്കേണ്ട ആവശ്യവുമില്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരും ശിവബാബയുടെ കുട്ടികളാണ്– ഇതും ആർക്കും അറിയില്ല. പരിധിയില്ലാത്ത മുഴുവൻ ലോകത്തിന്റേയും രചയിതാവ് ഒരേയൊരു ബാബയാണ്. ബാക്കി എല്ലാവരും ബാബയുടെ രചനകളോ അല്ലെങ്കിൽ പരിധിയുള്ള രചയിതാവോ അണ്. ഇപ്പോൾ നിങ്ങൾ കുട്ടികളോട് ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. മനുഷ്യർക്ക് ബാബയെ അറിയില്ല അതിനാൽ ആരെ ഓർമ്മിക്കും? അതിനാലാണ് ബാബ പറയുന്നത് എത്ര ദരിദ്രരായി മാറിയിരിക്കുന്നു. ഇതും ഡ്രാമയിൽ ഉള്ളതാണ്.

ഭക്തിയിലും ജ്ഞാനത്തിലും രണ്ടിലുമുള്ള സർവ്വ ശ്രേഷ്ഠ കർമ്മമാണ് ദാനം ചെയ്യുക എന്നത്. ഭക്തിമാർഗ്ഗത്തിൽ ഈശ്വരാർത്ഥം ദാനം ചെയ്യുന്നു. എന്തുകൊണ്ട്? എന്തെങ്കിലും ആഗ്രഹം തീർച്ചയായും ഉണ്ടാകും. എങ്ങനെയുള്ള കർമ്മമാണോ ചെയ്യുന്നത് അതിനനുസരിച്ചുള്ള ഫലം അടുത്ത ജന്മത്തിൽ ലഭിക്കും, ഈ ജന്മത്തിൽ എന്ത് ചെയ്യുന്നുവോ അതിന്റെ ഫലം അടുത്ത ജന്മത്തിൽ ലഭിക്കും എന്നു കരുതുന്നു. ജന്മജന്മാന്തരത്തിലേയ്ക്ക് നേടില്ല. ഒരു ജന്മത്തിലേയ്ക്ക് ഫലം ലഭിക്കുന്നു. ഏറ്റവും നല്ലതിലും നല്ല കർമ്മമാണ് ദാനം. ദാനിയെ പുണ്യാത്മാവ് എന്നാണ് പറയുന്നത്. ഭാരതത്തെ മഹാദാനി എന്നാണ് പറയുന്നത്. ഭാരതത്തിൽ എത്ര ദാനം ചെയ്യുന്നുവോ അത്രയും മറ്റൊരു ഖണ്ഡത്തിലും ചെയ്യുന്നില്ല. ബാബയും വന്ന് കുട്ടികൾക്ക് ദാനം നൽകുന്നു, കുട്ടികൾ പിന്നീട് അച്ഛന് ദാനം നൽകുന്നു. പറയുന്നു ബാബാ അങ്ങ് വരുകയാണെങ്കിൽ ഞങ്ങൾ ഞങ്ങളുടെ ശരീരം–മനസ്സ്–ധനം എല്ലാം അങ്ങയെ ഏൽപ്പിക്കും. അങ്ങല്ലാതെ മറ്റാരുമില്ല ഞങ്ങൾക്ക്. ബാബയും പറയും എനിക്കും നിങ്ങൾ കുട്ടികൾ മാത്രമേയുള്ളു. എന്നെ വിളിക്കുന്നതുതന്നെ സ്വർഗ്ഗസ്ഥനായ പിതാവ് അഥവാ സ്വർഗ്ഗത്തിന്റെ സ്ഥാപനചെയ്യുന്ന പിതാവ് എന്നാണ്. ഞാൻ വന്ന് നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തീപദവി നൽകുന്നു. കുട്ടികൾ എന്റെ പേരിൽ എല്ലാം സമർപ്പിക്കുന്നു– ബാബാ ഇതെല്ലാം അങ്ങയുടേതാണ്. ഭക്തിമാർഗ്ഗത്തിലും പറുയുന്നു– ബാബാ, ഇതെല്ലാം അങ്ങ് നൽകിയതാണ്. പിന്നീട് അത് നഷ്ടപ്പെടുമ്പോൾ ദുഃഖിക്കുന്നത് എന്തിനാണ്. അത് ഭക്തിയിലെ അല്പകാല സുഖമാണ്. ബാബ മനസ്സിലാക്കിത്തരുന്നു ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ എനിക്കായി ദാന പുണ്യങ്ങൾ ചെയ്യുന്നു ഇൻഡയറക്ടായി. അതിന്റെ ഫലം നിങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഈ സമയത്ത് ഞാൻ ഇരുന്ന് നിങ്ങൾക്ക് കർമ്മം– അകർമ്മം– വികർമ്മത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരികയാണ്. ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ എന്ത് കർമ്മം ചെയ്യുന്നുവോ അതിന്റെ അല്പകാലത്തിലേയ്ക്കുള്ള സുഖം എന്നിലൂടെ ലഭിക്കുന്നു. ഈ കാര്യങ്ങൾ ലോകത്തിലെ ആർക്കും അറിയില്ല. ബാബ തന്നെയാണ് വന്ന് കർമ്മത്തിന്റെ ഗതി മനസ്സിലാക്കിത്തരുന്നത്. സത്യയുഗത്തിൽ ഒരിയ്ക്കലും ആരും മോശമായ കർമ്മങ്ങൾ ചെയ്യുകയില്ല. സദാ സുഖം തന്നെ സുഖമാണ്. സുഖധാമം അഥവാ സ്വർഗ്ഗത്തെ ഓർമ്മിക്കുന്നുമുണ്ട്. ഇപ്പോൾ ഇരിക്കുന്നത് നരകത്തിലാണ്. എന്നിട്ടും പറയുന്നു– ഇന്നയാൾ സ്വർഗ്ഗത്തിലേയ്ക്ക് പോയെന്ന്. ആത്മാവിന് സ്വർഗ്ഗം എത്ര ഇഷ്ടമാണ്. ആത്മാവുതന്നെയല്ലേ പറയുന്നത്– ഇന്നയാൾ സ്വർഗ്ഗത്തിലേയ്ക്ക് പോയെന്ന്. എന്നാൽ തമോപ്രധാനമായതിനാൽ അവർ സ്വർഗ്ഗം എന്താണ് നരകം എന്താണ് എന്നതൊന്നും അറിയുന്നില്ല. പരിധിയില്ലാത്ത ബാബ പറയുന്നു നിങ്ങൾ എല്ലാവരും എത്ര തമോപ്രധാനമായിരിക്കുന്നു. ഡ്രാമയെ അറിയുന്നില്ല. സൃഷ്ടിയുടെ ചക്രം കറങ്ങുന്നു എന്നത് അറിയാം എങ്കിൽ അത് അതുപോലെ ആവർത്തിക്കുമല്ലോ. അവർ പേരിന് മാത്രം പറയുന്നു. ഇപ്പോൾ ഇത് സംഗമയുഗമാണ്. ഈ ഒരേയൊരു സംഗമയുഗത്തെക്കുറിച്ചാണ് മഹിമയുള്ളത്. അരകല്പം ദേവതകളുടെ രാജ്യം നടക്കുന്നു പിന്നീട് ആ രാജ്യം എവിടെപ്പോയി, ആരാണ് അതിനെ ജയിക്കുന്നത്? ഇതും ആർക്കും അറിയില്ല. ബാബ പറയുന്നു രാവണനാണ് ജയിക്കുന്നത്. അവർ പിന്നീട് ദേവതകളും അസുരന്മാരും തമ്മിലുള്ള യുദ്ധമാണിരുന്ന് കാണിക്കുന്നത്.

ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു– നിങ്ങൾ 5 വികാരങ്ങളാകുന്ന രാവണനോട് തോൽക്കുന്നു പിന്നീട് രാവണനുമേൽ വിജയവും നേടുന്നുമുണ്ട്. നിങ്ങൾ പൂജ്യരായിരുന്നു പിന്നീട് പൂജാരിയും പതിതവുമായി മാറുന്നു അതിനാലാണ് രാവണനോട് തോറ്റുപോകുന്നത്. രാവണൻ നിങ്ങളുടെ ശത്രുവാണ് അതിനാലാണ് സദാ കത്തിക്കുന്നത്. പക്ഷേ നിങ്ങൾക്ക് അറിയില്ല. ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു രാവണനാലാണ് നിങ്ങൾ പതിതമായത്. ഈ വികാരങ്ങളെത്തന്നെയാണ് മായ എന്നു പറയുന്നത്. മായാജീത്താണ് ജഗദ്ജീത്ത്. ഈ രാവണൻ ഏറ്റവും പഴയ ശത്രുവാണ്. ഇപ്പോൾ ശ്രീമതത്തിലൂടെ നിങ്ങൾ ഈ 5 വികാരങ്ങളുടെമേൽ വിജയം നേടുന്നു. ബാബ വന്നിരിക്കുന്നത് വിജയം നേടിത്തരാനാണ്. ഇത് കളിയല്ലേ. മായയോട് തോൽവിതന്നെ തോൽവി, അതിനുശേഷം ജയം തന്നെ ജയം. വിജയം ബാബ തന്നെയാണ് നേടിത്തരുന്നത് അതിനാലാണ് ബാബയെ സർവ്വശക്തിവാൻ എന്നു പറയുന്നത്. മായയും കുറഞ്ഞ ശക്തിയുള്ള ആളല്ല. എന്നാൽ മായ ദുഃഖമാണ് നൽകുന്നത് അതിനാലാണ് മഹിമയില്ലാത്തത്. രാവണൻ വളരെ

ബുദ്ധിശാലിയാണ്. നിങ്ങളുടെ രാജധാനിപോലും തട്ടിയെടുക്കുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി– നമ്മൾ എങ്ങനെയാണ് തോൽക്കുന്നത് പിന്നീട് എങ്ങനെയാണ് വിജയം നേടുന്നത്? എനിക്ക് ശാന്തി വേണം, എനിക്ക് എന്റെ വീട്ടിലേയ്ക്ക് പോകണം എന്ന് ആത്മാവ് ആഗ്രഹിക്കുന്നുണ്ട്. ഭക്തർ ഭഗവാനെ ഓർമ്മിക്കുന്നുണ്ട് എന്നാൽ കല്ലുബുദ്ധികളായതിനാൽ മനസ്സിലാക്കുന്നില്ല. ഭഗവാൻ അച്ഛനാണ്, എങ്കിൽ അച്ഛനിൽ നിന്നും തീർച്ചയായും സമ്പത്തും ലഭിക്കുന്നുണ്ടാകും. തീർച്ചയായും ലഭിക്കുന്നുണ്ട് എന്നാൽ എപ്പോഴാണ് ലഭിക്കുന്നത് പിന്നീട് എപ്പോഴാണ് നഷ്ടപ്പെടുത്തുന്നത് ഇതറിയില്ല. ബാബ പറയുന്നു ഞാൻ ഈ ബ്രഹ്മാ ശരീരത്തിലൂടെയാണ് നിങ്ങൾക്ക് ഇരുന്ന് മനസ്സിലാക്കിത്തരുന്നത്. എനിക്കും കർമ്മേന്ദ്രിയങ്ങൾ വേണമല്ലോ. എനിക്ക് സ്വന്തമായി കർമ്മേന്ദ്രിയങ്ങൾ ഇല്ലല്ലോ. സൂക്ഷ്മ വതനത്തിലും കർമ്മേന്ദ്രിയങ്ങളുണ്ട്. നടന്നും ചുറ്റിക്കറങ്ങിയും സിനിമപോലെ ചലിക്കുന്നു, ഇവിടെ ചലനവും ശബ്ദവും ഉള്ള സിനിമയാണ് അതിനാൽ മനസ്സിലാക്കിത്തരുന്നത് ബാബയ്ക്കും സഹജമാണ്. അവരുടേത് ബാഹുബലമാണ്, നിങ്ങളുടേത് യോഗബലമാണ്. ആ രണ്ട് സഹോദരങ്ങളും ഒരുമിച്ച് ചേർന്നാൽ വിശ്വത്തിനുമേൽ രാജ്യം ഭരിക്കാൻ സാധിക്കും. എന്നാൽ അകല്ച്ചയിലാണ്. നിങ്ങൾ കുട്ടികൾക്ക് സൈലൻസിന്റെ ശുദ്ധമായ അഭിമാനം വേണം. നിങ്ങൾ മന്മനാഭവയുടെ ആധാരത്തിൽ സൈലൻസിലൂടെ ജഗദ്ജീത്തായി മാറുന്നു. എന്നാൽ അവർക്ക് സയൻസിന്റെ അഹങ്കാരമാണ്. നിങ്ങൾ സൈലൻസിന്റെ അഭിമാനമുള്ളവർ സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുന്നു. ഓർമ്മയിലൂടെ നിങ്ങൾ സതോപ്രധാനമായി മാറും. വളരെ സഹജമായ വഴി പറഞ്ഞുതരുന്നു. നിങ്ങൾക്ക് അറിയാം ശിവബാബ വന്നിരിക്കുകയാണ് നമ്മൾ കുട്ടികൾക്ക് വീണ്ടും സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകാൻ. ബാബ പറയുന്നു നിങ്ങൾക്ക് കലിയുഗത്തിലെ എന്തെല്ലാം കർമ്മബന്ധനങ്ങളുണ്ടോ അതിനെയെല്ലാം മറക്കൂ. 5 വികാരങ്ങളേയും എനിക്ക് ദാനമായി നൽകൂ. നിങ്ങൾ എന്തിനെയെല്ലാം എന്റെ എന്റെ എന്ന് പറഞ്ഞുവന്നോ, എന്റെ പതി, എന്റെ ഇന്നയാൾ, ഇതെല്ലാം മറന്നു കൊണ്ടേപോകൂ. എല്ലാം കണ്ടുകൊണ്ടും അതിനോടുള്ള മമത്വത്തെ ഇല്ലാതാക്കൂ. ഈ കാര്യങ്ങൾ കുട്ടികൾക്കുതന്നെയാണ് മനസ്സിലാക്കിത്തരുന്നത്. ആർക്കാണോ ബാബയെ അറിയാത്തത് അവർക്ക് ഈ ഭാഷ മനസ്സിലാകില്ല. ബാബ വന്ന് മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നു. ദേവതകൾ സത്യയുഗത്തിലാണ് ഉണ്ടാവുക. കലിയുഗത്തിലുള്ളത് മനുഷ്യരാണ്. ഇപ്പോൾ വരേയ്ക്കും അതിന്റെ അടയാളങ്ങൾ അഥവാ ചിത്രങ്ങളുണ്ട്. എന്നെ പതിത പാവനൻ എന്നാണ് വിളിക്കുന്നത്. എന്റെ ഗ്രേഡ് ഒരിയ്ക്കലും താഴേയ്ക്ക് വരുന്നില്ല. നിങ്ങൾ പറയുന്നു ഞങ്ങൾ പാവനമായിരുന്നു പിന്നീട് ഗ്രേഡ് കുറഞ്ഞുവന്നപ്പോൾ പതിതമായി. ഇപ്പോൾ ബാബ വന്ന് പാവനമാക്കുകയാണെങ്കിൽ നമുക്ക് നമ്മുടെ വീട്ടിലേയ്ക്ക് പോകാം. ഇതാണ് ആത്മീയ ജ്ഞാനം. അവിനാശിയായ ജ്ഞാനരത്നങ്ങളല്ലേ. ഇത് പുതിയ ജ്ഞാനമാണ്. ഇപ്പോൾ നിങ്ങളെ ഈ ജ്ഞാനം പഠിപ്പിക്കുകയാണ്. രചയിതാവിന്റേയും രചനയുടെ ആദി മദ്ധ്യ അന്ത്യത്തിന്റേയും രഹസ്യം പറഞ്ഞുതരുന്നു. ഇപ്പോൾ ഇത് പഴയ ലോകമാണ്. ഇതിൽ നിങ്ങളുടെ ആരെല്ലാം മിത്രസംബന്ധികളുണ്ടോ, തന്റെ ദേഹസഹിതം എല്ലാത്തിൽ നിന്നും മമത്വത്തെ ഇല്ലാതാക്കണം.

ഇപ്പോൾ നിങ്ങൾ കുട്ടികൾ തന്റെ എല്ലാം ബാബയെ ഏൽപ്പിക്കുന്നു. ബാബ പിന്നീട് സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി 21 ജന്മങ്ങളിലേയ്ക്ക് നിങ്ങളുടെ കൈകളിലേൽപ്പിക്കുന്നു. കൊടുക്കൽ വാങ്ങൽ നടന്നുകൊണ്ടേയിരിക്കും. ബാബ നിങ്ങൾക്ക് 21 ജന്മങ്ങളിലേയ്ക്ക് രാജ്യഭാഗ്യം നൽകുന്നു. 21 ജന്മം, 21 തലമുറ എന്ന് പാടിയിട്ടുണ്ടല്ലോ അർത്ഥം 21 ജന്മം പൂർണ്ണമായും ഉണ്ടാകുന്നു. ഇടയിൽ വെച്ച് ആരും ശരീരം ഉപേക്ഷിക്കില്ല. അകാലമൃത്യു ഉണ്ടാകില്ല. നിങ്ങൾ അമരരായി മാറി അമരപുരിയുടെ അധികാരിയായി മാറുന്നു. നിങ്ങളെ ഒരിയ്ക്കലും കാലന് വിഴുങ്ങാൻ കഴിയില്ല. ഇപ്പോൾ നിങ്ങൾ മരിക്കാൻ വേണ്ടി പുരുഷാർത്ഥം ചെയ്യുകയാണ്. ബാബ പറയുന്നു ദേഹസഹിതം ദേഹത്തിന്റെ സർവ്വസംബന്ധങ്ങളും ഉപേക്ഷിച്ച് ഒരു ബാബയുമായി സംബന്ധം വെയ്ക്കണം. ഇപ്പോൾ സുഖത്തിന്റെ സംബന്ധത്തിലേയ്ക്ക് പോവുകതന്നെ വേണം. ദുഃഖത്തിന്റെ ബന്ധനങ്ങളെ മറന്നുകൊണ്ടിരിക്കും. ഗ്രഹസ്ഥവ്യവഹാരത്തിൽ ഇരുന്നും പവിത്രമാകണം. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കു, ഒപ്പമൊപ്പം ദൈവീക ഗുണങ്ങളും ധാരണ ചെയ്യൂ. ഈ ദേവതകളെപ്പോലെയാകണം. ഇതാണ് പ്രധാന ലക്ഷ്യം. ഈ ലക്ഷ്മീ നാരായണന്മാർ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു, ഇവർ എങ്ങനെ രാജ്യം നേടി, പിന്നീട് എവിടെപ്പോയി, ഇത് ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. ആർക്കും ദുഃഖം നൽകരുത്. ബാബ ദുഃഖ ഹർത്താവും സുഖ കർത്താവുമാണ്. അതിനാൽ നിങ്ങളും സുഖത്തിന്റെ വഴി എല്ലാവർക്കും പറഞ്ഞുകൊടുക്കണം അർത്ഥം അന്ധരുടെ ഊന്നുവടിയായി മാറണം. ഇപ്പോൾ ബാബ നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം നൽകിയിട്ടുണ്ട്. ബാബ എങ്ങനെയാണ് പാർട്ട് അഭിനയിക്കുന്നത് എന്നത് നിങ്ങൾക്ക് അറിയാം. ഇപ്പോൾ ബാബ നിങ്ങളെ എന്താണോ പഠിപ്പിക്കുന്നത് അത് പ്രായലോപമാകും. ദേവതകളിൽ ഈ ജ്ഞാനം ഉണ്ടാകില്ല. നിങ്ങൾ ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണർക്ക് മാത്രമേ രചയിതാവിന്റേയും രചനയുടേയും ജ്ഞാനമുള്ളൂ. മറ്റാർക്കും അറിയില്ല. അഥവാ ഈ ലക്ഷ്മീ നാരായണന്മാരിൽ ഈ ജ്ഞാനം ഉണ്ടായിരുന്നെങ്കിൽ പരമ്പരയായി നടന്നുവരുമായിരുന്നു. അവിടെ ജ്ഞാന

ത്തിന്റെ ആവശ്യമില്ല എന്തെന്നാൽ അവിടെ സദ്ഗതിയാണ്. ഇപ്പോൾ നിങ്ങൾ എല്ലാം ബാബയ്ക്ക് ദാനം നൽകുന്നു അതിനാൽ ബാബ നിങ്ങൾക്ക് 21 ജന്മങ്ങളിലേയ്ക്ക് എല്ലാം നൽകുന്നു. ഇങ്ങനെയൊരു ദാനം എവിടെയും നടക്കാറില്ല. നിങ്ങൾക്ക് അറിയാം നമ്മൾ സർവ്വാംശം നൽകുന്നു– ബാബാ ഇതെല്ലാം അങ്ങയുടേതാണ്, അങ്ങുതന്നെയാണ് ഞങ്ങളുടെ എല്ലാം. അങ്ങുതന്നെയാണ് മാതാവും പിതാവും... പാർട്ട് അഭിനയിക്കുന്നുണ്ടല്ലോ. കുട്ടികളെ ദത്തെടുക്കുന്നു പിന്നീട് സ്വയം പഠിപ്പിക്കുകയും ചെയ്യുന്നു. ശേഷം സ്വയം തന്നെ ഗുരുവായി മാറി എല്ലാവരേയും തിരിച്ചുകൊണ്ടുപോകുന്നു. പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ പാവനമായി മാറും പിന്നീട് നിങ്ങളെ കൂടെക്കൊണ്ടുപോകും. ഇവിടെ യജ്ഞം രചിച്ചിരിക്കുകയാണ്. ഇത് ശിവജ്ഞാനയജ്ഞമാണ്, ഇതിൽ നിങ്ങൾ ശരീരം–മനസ്സ്–ധനം എല്ലാം അർപ്പിക്കുന്നു. സന്തോഷത്തോടെ എല്ലാവരും അർപ്പണമാകുന്നു. ആത്മാവ് ബാക്കിയുണ്ടാകും. ബാബാ, ഇനി ഞങ്ങൾ അങ്ങയുടെ ശ്രീമതത്തിലൂടെ നടക്കും. ബാബ പറയുന്നു ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും പവിത്രമാവണം. 60 വയസ്സ് പൂർത്തിയാകുമ്പോൾ വാനപ്രസ്ഥത്തിലേയ്ക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു എന്നാൽ അവർ തിരിച്ച് പോകാൻ വേണ്ടിയാണോ തയ്യാറെടുക്കുന്നത്. ഇപ്പോൾ നിങ്ങൾ സദ്ഗുരുവിൽ നിന്നും മന്മനാഭവ എന്ന മന്ത്രം എടുക്കുന്നു. ഭഗവാന്റെ വാക്കുകളാണ്– നിങ്ങൾ എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. എല്ലാവരോടും പറയൂ നിങ്ങൾ എല്ലാവരുടേയും വാനപ്രസ്ഥ അവസ്ഥയാണ്. ശിവബാബയെ ഓർമ്മിക്കു, ഇപ്പോൾ നമ്മുടെ വീട്ടിലേയ്ക്ക് പോകണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) കലിയുഗത്തിലെ സർവ്വസംബന്ധങ്ങളേയും ബുദ്ധികൊണ്ട് മറന്ന് 5 വികാരങ്ങളെ ദാനം ചെയ്ത് ആത്മാവിനെ സതോപ്രധാനമാക്കി മാറ്റണം. ഒരേയൊരു സൈലൻസിന്റെ ശുദ്ധമായ അഭിമാനം ഉണ്ടാകണം.

2) ഈ രുദ്രജ്ഞാന യജ്ഞത്തിൽ സന്തോഷത്തോടെ തന്റെ ശരീരം മനസ്സ് ധനം എന്നിവ അർപ്പണം ചെയ്ത് സഫലമാക്കണം. ഈ സമയത്ത് എല്ലാം ബാബയുടെ കൈകളിൽ ഏൽപ്പിച്ച് 21 ജന്മങ്ങളിലേയ്ക്കുള്ള ചക്രവർത്തീ പദവി ബാബയിൽ നിന്നും നേടണം.

## വരദാനം : ആവേശത്തിന്റെ അംശത്തെ പോലും ത്യാഗം ചെയ്യുന്നവരായ പുണ്യാത്മാവായി ഭവിക്കട്ടെ.

സ്വമാൻധാരി കുട്ടികൾ എല്ലാവർക്കും ബഹുമാനം നൽകുന്ന ദാതാക്കളായിരിക്കും. അവരിൽ ഒരിക്കലും ഏതൊരാത്മാവിനെ പ്രതിയും സങ്കല്പത്തിൽ പോലും ആവേശമുണ്ടായിരിക്കുകയില്ല. എന്തുകൊണ്ടാണിത് ഇങ്ങനെ?, ഇത് ചെയ്യാൻ പാടില്ലാത്തതാണ്, സംഭവിക്കാൻ പാടില്ലാത്തതാണ്, ജ്ഞാനം എന്താണ് പറയുന്നത്.. ഇതുപോലും സൂക്ഷ്മ ആവേശത്തിന്റെ അംശമാണ്. എന്നാൽ സ്വമാൻധാരി പുണ്യ ആത്മാക്കൾ വീണു കിടക്കുന്നവരെയും എഴുന്നേൽപ്പിക്കും, സഹയോഗിയായി മാറും. അവർക്കൊരിക്കലും ഇങ്ങനെ സങ്കൽപ്പിക്കാൻ സാധിക്കില്ല അവർ അവരുടെ കർമ്മഫലം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്, അവർ ചെയ്തിട്ടുണ്ടെങ്കിൽ അനുഭവിക്കുക തന്നെ ചെയ്യും.. അവർ വീഴേണ്ടത് തന്നെയാണ്.. ഇങ്ങനെയുള്ള സങ്കല്പങ്ങൾ താങ്കൾ കുട്ടികളിൽ ഉണ്ടാവാൻ പാടില്ല.

## സ്ലോഗൻ : സന്തുഷ്ടതയുടെയും പ്രസന്നതയുടെയും വിശേഷത തന്നെയാണ് പറക്കുന്ന കലയുടെ അനുഭവം ചെയ്യിപ്പിക്കുന്നത്.

**അവ്യക്ത സൂചന : സത്യതയുടെയും സഭ്യതയുടെയും സംസ്കാരത്തെയും സ്വന്തമാക്കൂ..**

സത്യയുടെ ശക്തിയുടെ അടയാളമാണ് 'നിർഭയത'. പറയാറുണ്ട് സത്യം നൃത്തം ചെയ്യും. അർത്ഥം സത്യയുടെ ശക്തിയുള്ളവർ സദാ നിശ്ചിന്ത ചക്രവർത്തിമാരായിരിക്കുന്നത് കാരണം, നിർഭയരായിരിക്കുന്നത് കാരണം സന്തോഷത്താൽ നൃത്തം ചെയ്യും. അഥവാ തന്റെ സംസ്കാരം അഥവാ സങ്കല്പത്തിലെങ്കിലും ദുർബലതയുണ്ടെങ്കിൽ ആ ദുർബലത തന്നെ മനസ്സിന്റെ സ്ഥിതിയെ ഇളക്കത്തിലേക്ക് കൊണ്ടുവരും. അതിനാൽ തന്റെ സൂക്ഷ്മ ദുർബലതകളെയും അവിനാശി രുദ്ര യജ്ഞത്തിൽ സ്വാഹചെയ്യൂ.